**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **09-10-2024 - ൽ മറുപടിയ്ക്ക്**

**കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയായ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് മുഖേന ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ സന്നദ്ധസേനയിൽ നിലവിൽ എത്ര അംഗങ്ങളുണ്ടെന്ന് അറിയിക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്നത് മാത്രമല്ല മയക്കുമരുന്നിനും സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കും എതിരായി പ്രവർത്തിക്കുക, നാടിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളിൽ കൂടി യുവജനങ്ങളെ പങ്കാളികളാക്കുക എന്നതുമാണ് കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് (ടീം കേരള) സേനയുടെ ഉദ്ദേശ്യം.<br><br>ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2022 - 23 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി ഇവരിൽ നിന്നും 1034 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതലങ്ങളിൽ ക്യാപ്റ്റൻമാരെ തെരെഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ഫസ്റ്റ് എയ്ഡ്, കായിക പരിശീലനം, ബോധവൽക്കരണ ക്ലാസ്സുകൾ, വ്യക്തിത്വ വികസനം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിലാണ് പരിശീലനം നൽകിയത്.<br><br>പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ക്യാപ്റ്റൻമാർക്ക് പുറമെ 14 ജില്ലകളിൽ നിന്നും തെരെഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്കു കൂടി പരിശീലനം നൽകുകയുണ്ടായി. ഇവർക്ക് യൂണിഫോമും സജ്ജമാക്കിയിട്ടുണ്ട്. പഞ്ചായത്ത്തല സേനയിൽ രജിസ്റ്റർ ചെയ്ത 17,500 പേരിൽ നിന്നും ശാസ്ത്രീയമായി പരിശീലനം ലഭിച്ച 2131 ടീം കേരള |

| | | | |
|---|---|---|---|
| | | | സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡും നടത്തുകയുണ്ടായി. ടീം കേരളയുടെ രൂപീകരണം, എമർജൻസി റസ്പോൺസ് ടീം പരിശീലനം എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച വോളന്റിയേഴ്സിനെ ഉപയോഗിച്ച് സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങൾ രൂപം നൽകുക എന്നിവയാണ് ഈ സാമ്പത്തിക വർഷം ഊന്നൽ നൽകിയത്.<br><br>ജില്ലാതലത്തിൽ 'ടീം കേരള' ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ:-<br><br>പുഴ, തോട് ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ വീണ്ടെടുക്കലും സംരക്ഷണവും.<br><br>ആശുപത്രി, സ്കൂൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, മറ്റു പൊതു ഇടങ്ങൾ എന്നിവയുടെ ശുചീകരണവും സംരക്ഷണവും.<br><br>പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള രൂപങ്ങളുടെ നിർമ്മാണം.<br><br>വിവിധ ഹെൽപ്പ് ഡെസ്കുകൾ<br><br>ബോധവൽക്കരണ പരിപാടികൾ<br><br>ബീച്ച് ക്ലീനിംഗ്<br><br>സർവ്വേകൾ<br><br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ<br><br>ഡിസാസ്റ്റർ മാനേജ്മെന്റ്<br><br>സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള മറ്റ് വിവിധ പ്രവർത്തനങ്ങൾ |
| (ബി) | കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്ക് യൂണിഫോമും അനുബന്ധ സാമഗ്രികളും വാങ്ങിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇത്തരത്തിൽ ഓഡിറ്റ് പരാമർശമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ടീം കേരള അംഗങ്ങൾക്ക് യൂണിഫോമും, ഷൂസും വാങ്ങിയത് സംബന്ധിച്ച് സർക്കാരിൽ പരാതിയൊന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണങ്ങൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്നു. |
| (സി) | ഈ വിഷയത്തിൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ന്യൂനതകൾ എന്തെന്നും ഈയിനത്തിൽ എത്ര തുക നഷ്ടം വന്നിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | ടീം കേരള അംഗങ്ങൾക്ക് യൂണിഫോമും, ഷൂസും വാങ്ങിയത് സംബന്ധിച്ച് സർക്കാരിൽ പരാതിയൊന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണങ്ങൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നഷ്ടം ഈടാക്കുന്നതിനും, ക്രമക്കേടുകൾക്കു കാരണമായവരുടെമേൽ നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ? | (ഡി) | ടീം കേരള അംഗങ്ങൾക്ക് യൂണിഫോമും, ഷൂസും വാങ്ങിയത് സംബന്ധിച്ച് സർക്കാരിൽ പരാതിയൊന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണങ്ങൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ